# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2033 08.03.2018-ൽ മറുപടിക്ക്

## റബ്ബർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.വി.അബ്ദുറഹിമാൻ | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പമന്ത്രി) |
| --- | --- |
| എ) റബ്ബർ കർഷകരെ സഹായിക്കുന്നതിനും റബ്ബർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുമായി വ്യവസായ വകുപ്പ് നിലവിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം നല്കുമോ; | എ) മൂല്യ വർദ്ധിത റബ്ബർ ഉൽപ്പന്നങ്ങളുടെ വ്യവസായ സാദ്ധ്യത സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20/09/2017-ൽ യോഗം ചേരുകയും റബ്ബർ പാൽ സംഭരണത്തിനായി "അമുൽ മോഡൽ" സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ചും "സിയാൽ മാതൃകയിൽ" ടയർ ഫാക്ടറി ആരംഭിക്കുന്നത് സംബന്ധിച്ചുമുള്ള സാധ്യതകൾ പഠിക്കുന്നതിന് വിവിധ മേഖലയിലുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. |
| ബി) റബ്ബർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് പൊതുമേഖലയിൽ പുതിയ വ്യവസായ സംരംഭം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br>സി) ടയർ ഉൾപ്പെടെയുള്ള റബ്ബർ വ്യവസായ ഉൽപ്പന്നങ്ങൾ പൊതുമേഖലയിൽ ഉല്പാദിപ്പിച്ച് കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള സർക്കാർ സംരംഭങ്ങൾക്കും സർക്കാർ വാഹനങ്ങൾക്കും നിർബന്ധമാക്കി റബ്ബർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) & സി) റബ്ബർ കൃഷിയേയും വ്യവസായത്തേയും പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിലേക്കായി സർക്കാർ ഈ മേഖലയിലെ വ്യവസായ സാധ്യതകളെക്കുറിച്ച് സമഗ്ര പഠനം നടത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ടയർ ഉൾപ്പെടെയുള്ള വ്യവസായങ്ങളെ ഈ പഠനത്തിൽ ഉൾപ്പെടുത്തി അപഗ്രഥിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ